# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2381     18. 12. 2012-ൽ മറുപടിക്ക്

ചോദ്യം     ഉത്തരം

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## കുട്ടനാട്ടിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ പദ്ധതികൾക്കുള്ള ഭരണാനുമതി

| | | |
|---|---|---|
| (എ) | കുട്ടനാട്ടിലെ ഏതെല്ലാം സർക്കാർ ഓഫീസുകളാണ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ; | കുട്ടനാട് നിയോജക മണ്ഡലത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ താഴെപ്പറയുന്നവയാണ്.<br>(1) ICDS വെളിയനാട്<br>(2) ഡയറി എക്സ്റ്റൻഷൻ യൂണിറ്റ്, ചമ്പക്കുളം<br>(3) വെറ്റിനറി ഡിസ്പെൻസറി, രാമങ്കരി<br>(4) കുട്ടനാട് ഡവലപ്പ്മെൻറ് ഡിവിഷൻ, വേഴപ്ര<br>(5) കൃഷി ഭവൻ, എടത്വ<br>(6) വെറ്റിനറി ഡിസ്പെൻസറി, കിടങ്ങറ<br>(7) SWTD ഓഫീസ്, എടത്വ<br>(8) SWTD ഓഫീസ്, കാവാലം<br>(9) ടെക്നിക്കൽ ഹൈസ്കൂൾ, കാവാലം<br>(10) PWD റോഡ്സ് സെക്ഷൻ ഓഫീസ്, എടത്വ<br>(11) PWD ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ്, എടത്വ<br>(12) PWD ബ്രിഡ്ജസ് സെക്ഷൻ ഓഫീസ്, എടത്വ<br>(13) ഇറിഗേഷൻ സെക്ഷൻ ഓഫീസ്, തലവടി<br>(14) മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, തലവടി |

| | | |
|---|---|---|
| | | (15) കൃഷിഭവൻ, കൈനകരി<br>(16) ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, രാമങ്കരി<br>(17) PWD റോഡ്സ് സെക്ഷൻ ഓഫീസ്, രാമങ്കരി<br>(18) PWD റോഡ്സ് സെക്ഷൻ ഓഫീസ്, പുളിങ്കുന്ന്<br>(19) ലീഗൽ മെട്രോളജി ഓഫീസ്, മങ്കൊമ്പ്<br>(20) സബ്ട്രഷറി, എടത്വ<br>(21) എക്സൈസ് സർക്കിൾ ഓഫീസ്, കുട്ടനാട്<br>(22) ആയുർവേദ ഡിസ്പെൻസറി, കൈനകരി<br>(23) താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, കുട്ടനാട്<br>(24) ഹോമിയോ ഡിസ്പെൻസറി, രാമങ്കരി വേഴപ്ര<br>(25) സപ്ലൈകോ, കൈനകരി<br>(26) സപ്ലൈകോ, തകഴി<br>(27) സപ്ലൈകോ, കാവാലം<br>(28) സപ്ലൈകോ, നെടുമുടി<br>(29) മിൽമ രാമങ്കരി<br>(30) റീസർവ്വേ ഓഫീസ്, മങ്കൊമ്പ് |
| (ബി) | ബഡ്ജറ്റിൽ ഉൾപ്പെട്ട കുട്ടനാട് സിവിൽ സ്റ്റേഷൻ അനക്സ് ബിൽഡിംഗ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | കുട്ടനാട് സിവിൽസ്റ്റേഷൻ അനക്സ് കെട്ടിടം നിർമ്മിക്കുന്നതിന് കുട്ടനാട് സിവിൽസ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന കുട്ടനാട് സബ് ട്രഷറിയുടെ പഴയകെട്ടിടവും താലൂക്ക് ഓഫീസിനോടനുബന്ധിച്ചുള്ള കോൺഫറൻസ് ഹാൾ ആയി ഉപയോഗിക്കുന്ന പഴയ കെട്ടിടവും പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ട്. കുട്ടനാട് സിവിൽസ്റ്റേഷൻ അനക്സ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ പ്ലാൻ (A.R.Drawing No. 15/06 dated 22.3.2006) ചീഫ് ആർക്കിടെക്റ്റ് ,പൊതുമരാമത്ത് വകുപ്പ് , തിരുവനന്തപുരം തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഗവൺമെൻറിൽ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് കുട്ടനാട്ടിൽ നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | വിശദമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഗവൺമെന്റിൽ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ